സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ–680004

www.swathanthramandapam.com വാള്യം: 60 ലക്കം: 247 2026 ജനുവരി 10 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വർണവിലയിൽ വൻ വർധന; ഈ മാസത്തെ ഉയർന്ന നിരക്കിൽ

കൊച്ചി: കേരളത്തിൽ സ്വർണവിലയിൽ വീണ്ടും വർധന. ഗ്രാമിന് 105 രൂപയുടെ വർധനയാണ് ഇന്നുണ്ടായത്. 12,875 രൂപയായാണ് ഒരു ഗ്രാം സ്വർണത്തിന്റെ വില വർധിച്ചത്. പവന്റെ വില 840 രൂപയാണ് വർധിച്ചത്. ഒരു പവന്റെ വില 840 രൂപയാണ് വർധിച്ചത്. 1,03,000 രൂപയായാണ് പവന്റെ വിലയിലുണ്ടായ വർധന. ആഗോള വിപണിയിലും സ്വർണവില ഉയരുകയാണ്. ഇന്റർനാഷണൽ മാർക്കറ്റിൽ ട്രോയ് ഔൺസിന്റെ വില 56 ഡോളർ ഉയർന്ന് 4,509.2 ഡോളറിലെത്തി. 1.28 ശതമാനം വർധനയാണ് രേഖപ്പെടുത്തിയത്. ആഗോള രാഷ്ട്രീയ സാഹചര്യങ്ങൾ തന്നെ സ്വർണത്തിന്റെ വില ഉയർത്തുന്ന പ്രധാനഘടകങ്ങളിലൊന്ന്.

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

ഇറാനിലെ പ്രതിഷേധം: ടെഹ്റാനിൽ മാത്രം 200 മരണം

ടെഹ്റാൻ: ഇറാൻ ഭരണകൂടത്തിനെതിരായ പ്രതിഷേധങ്ങൾ വർധിച്ചതോടെ മരണസംഖ്യ 200 കടന്നതായി റിപ്പോർട്ട് ടെഹ്റാനിലെ ആറ് ആശുപത്രികളിൽനിന്ന് മാത്രമുള്ള കണക്കാണിതെന്ന് ഒരു ഡോക്ടറെ ഉദ്ധരിച്ച് ടൈം മാസിക റിപ്പോർട്ട് ചെയ്തു. ഭൂരിഭാഗവും വെടിയേറ്റാണ് കൊലപ്പെട്ടത്. മനുഷ്യവകാശ സംഘടനകൾ കുറഞ്ഞ മരണസംഖ്യയാണ് റിപ്പോർട്ട് ചെയ്തത്. പ്രതിഷേധം ആരംഭിച്ചതു മുതൽ 63 മരണം സംഭവിച്ചുവെന്നാണ് മനുഷ്യവകാശ സംഘടനകളുടെ കണക്ക്.

കലാപം അടിച്ചമർത്താൻ വ്യാഴാഴ്ച രാത്രി മുതൽ രാജ്യത്തെ മൊത്തം ഇന്റർനെറ്റും ഫോൺ കണക്ഷനുകളും ഭരണകൂടം നിർത്തലാക്കിയിരിക്കുകയാണ്. 31 പ്രവിശ്യകളിലും വ്യാപിച്ചുകിടക്കുന്ന പ്രക്ഷോഭം, തകർച്ചയിലായ ഇറാന്റെ സമ്പദ് വ്യവസ്ഥയ്ക്കെതിരായ പ്രതിഷേധമായി ആരംഭിച്ചതാണ്. 1979 മുതൽ ഇറാന്റെ നിയന്ത്രണം ഏറ്റെടുത്ത ഭരണകൂടത്തെ താഴെയിറക്കണമെന്ന ആവശ്യം ശക്തമാവുകയാണ്.

'സ്വാതന്ത്ര്യം', 'ഏകാധിപതിക്ക് മരണം' തുടങ്ങിയ മുദ്രാവാക്യങ്ങളോടെയാണ് ജനം തെരുവിൽ ഉറങ്ങിയിരിക്കുന്നത്. ഇന്ന് അധികാരികൾ ആശുപത്രികളിൽനിന്ന് മൃതദേഹങ്ങൾ നീക്കം ചെയ്തതായി ഡോക്ടർ ടൈം മാസികയോട് പറഞ്ഞു. മരിച്ചവരിൽ ഭൂരിഭാഗവും യുവജനങ്ങളാണെന്നും അദ്ദേഹം പറഞ്ഞു. ഇതിൽ വടക്കൻ ടെഹ്റാനിലെ ഒരു പോലീസ് സ്റ്റേഷന് പുറത്ത് സുരക്ഷാ ഉദ്യോഗസ്ഥർ പ്രതിഷേധക്കാർക്ക് നേരെ മെഷീൻ ഗൺ ആക്രമണം നടത്തി. അവർ സംഭവ സ്ഥലത്തുതന്നെ മരിച്ചു.

പൊതുജനങ്ങളുടെ രോഷത്തോടൊപ്പംഅമേരിക്കയുടെ കർശനമായ ആവശ്യങ്ങൾക്കും ഭീഷണികൾക്കും ഇടയിൽ കുടുങ്ങിയിരിക്കുകയാണ് സർക്കാർ. പ്രതിഷേധവുമായി ജനങ്ങൾ മുന്നോട്ടുപോവുകയും അമേരിക്ക ഇടപെടുകയും ചെയ്താൽ അവസ്ഥ അപകടകരമാവുമെന്നാണ് വിദഗ്ധരുടെ വിലയിരുത്തൽ.

ഇസ്രയേലും അമേരിക്കയും ചേർന്ന് ജൂണിൽ 12 ദിവസം നീണ്ടുനിന്ന യുദ്ധത്തിൽ നടത്തിയ ആക്രമണങ്ങൾക്ക് ശേഷം ഇറാന്റെ സാമ്പത്തികാവസ്ഥ കൂടുതൽ വഷളായിട്ടുണ്ട്. അതിനിടെയാണ് പൊതുജനം ഭരണകൂട്ടത്തിനെതിരേ തെരുവിലിറങ്ങിയത്. വെനസ്വേലയിലെ യുഎസ് നടപടിക്ക് ശേഷം,'ട്രംപിന്റെ ആക്രമണോത്സുക വിദേശനയത്തിന്റെ അടുത്ത ഇര' ഇറാൻ ആയേക്കാമെന്ന്അധികൃതർ ഭയപ്പെടുന്നുവെന്ന് റോയിറ്റേഴ്സ് ചൂണ്ടിക്കാട്ടുന്നു.

ഇറാനിയൻ സമ്പദ് വ്യവസ്ഥ വർഷങ്ങളായി യുഎസ് അടക്കമുള്ള പാശ്ചാത്യ ശക്തികളുടെ ഉപരോധങ്ങളാൽ തകർന്ന അവസ്ഥയിലാണ്. കൂടാതെ, ആണവകേന്ദ്രങ്ങളെ ലക്ഷ്യംവെച്ച് ഇസ്രയേലും അമേരിക്കയും ചേർന്ന് നടത്തിയ ആക്രമണങ്ങളിൽ സൈനികരും സാധാരണക്കാരുമുൾപ്പെടെ ആയിരത്തിലേറെപ്പേർ കൊല്ലപ്പെടുകയും അതിലേറെപ്പേർക്ക് പരിക്കേൽക്കുകയും ചെയ്തു. ആണവകേന്ദ്രങ്ങൾക്കും തകരാറുകൾ സംഭവിച്ചു. ദിവസങ്ങൾ നീണ്ട സംഘർഷങ്ങൾക്ക് പിന്നാലെ അന്താരാഷ്ട്ര ആണവോർജ ഏജൻസിയുമായുള്ള സഹകരണം ഇറാൻ അവസാനിപ്പിച്ചതായുള്ള വാർത്തയും പുറത്തുവന്നു.

2022-ൽ ശിരോവസ്ത്രം ധരിക്കാത്തതിന്റെ പേരിൽ പോലീസ് അറസ്റ്റ് ചെയ്ത മഹ്സ അമീനി എന്ന യുവതി കസ്റ്റഡിയിൽ മരിച്ചതിനെ തുടർന്നുണ്ടായ ദേശീയ പ്രതിഷേധങ്ങൾക്ക് ശേഷമുള്ള ഏറ്റവും വലിയ പ്രക്ഷോഭത്തിനാണ് ഇറാൻ ഇപ്പോൾ സാക്ഷ്യം വഹിക്കുന്നത്.

2 ഹമാസ് നേതാക്കളെ വധിച്ചതായി ഇസ്രയേൽ; ഗാസയിൽ ആക്രമണത്തിൽ 14 പേർ കൊല്ലപ്പെട്ടു

ഗാസ സിറ്റി: ഗാസയിൽ നടത്തിയ വ്യോമാക്രമണത്തിൽ രണ്ട് മുതിർന്ന ഹമാസ് നേതാക്കളെ കൊലപ്പെടുത്തിയതായി ഇസ്രയേലി പ്രതിരോധ സേന. ഹമാസ് ആന്റി ടാങ്ക് മിസൈൽ വിഭാഗത്തിന്റെ തലവനായി വിശേഷിപ്പിക്കപ്പെട്ട കമൽ അബ്ദ് അൽ റഹ്മാൻ മുഹമ്മദ് ഔവാദ്, ഹമാസിന്റെ ആയുധ നിർമ്മാണ വിഭാഗത്തിൽ പ്രധാന സ്ഥാനം വഹിക്കുന്ന അഹ്മദ് തബേത്ത് എന്നിവരാണ് കൊല്ലപ്പെട്ടത്. വ്യാഴാഴ്ച ഗാസയിൽനിന്ന് ഇസ്രയേലി സൈനികർ വിന്യസിച്ചിരുന്ന ഗാസ സിറ്റി ഭാഗത്തേക്ക് നടന്ന റോക്കറ്റ് വിക്ഷേപണത്തിന് ശേഷമാണ് തിരിച്ചടിച്ചതെന്ന് ഇസ്രയേൽ ഡിഫൻസ് ഫോഴ്സ് അവകാശപ്പെട്ടു. അതേസമയം, ഇസ്രയേൽ ആക്രമണത്തിൽ 14 പേർ കൊല്ലപ്പെട്ടതായി ഗാസയിലെ ആരോഗ്യ ഉദ്യോഗസ്ഥർ റിപ്പോർട്ട് ചെയ്തു.

ശബരിമല സ്വർണക്കൊള്ള കേസ്; 'തന്ത്രിയെ മറയാക്കി മന്ത്രിയെ രക്ഷിക്കാൻ നോക്കേണ്ട': കെ. മുരളീധരൻ

തിരു : ശബരിമല സ്വർണക്കൊള്ളയുമായി ബന്ധപ്പെട്ട കേസ് തന്ത്രി കണ്ഠര് രാജീവരുടെ അറസ്റ്റിൽ ഒതുക്കാൻ നോക്കണ്ടെന്ന് കോൺഗ്രസ് നേതാവ് കെ. മുരളീധരൻ. ദേവസ്വം ബോർഡ് ഭരണകർത്താക്കൾ വിചാരിച്ചാൽ മാത്രം ഇത്രയും സ്വർണം കടത്തിക്കൊണ്ടുപോകാൻ കഴിയില്ലെന്നും കേസിൽ തന്ത്രിയെ മറയാക്കി മന്ത്രിയെ രക്ഷിക്കാൻ നോക്കേണ്ടെന്നും അദ്ദേഹം പറഞ്ഞു.

'കേസിൽ തന്ത്രി എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു എന്നത് സംബന്ധിച്ച് പൊതുജനങ്ങൾക്ക് അറിയില്ല. അന്വേഷണത്തിലൂടെ മാത്രമേ അത് ബോധ്യമാകൂ. അത് കോടതിയിൽ പറയേണ്ട കാര്യമാണ്. പക്ഷേ, ദേവസ്വം ബോർഡ് ഭരണകർത്താക്കൾ വിചാരിച്ചാൽ മാത്രം ഇത്രയും വലിയ തോതിൽ സ്വർണം കടത്തിക്കൊണ്ടുപോകാൻ കഴിയില്ല.' അദ്ദേഹം പറഞ്ഞു.

'ശബരിമലയിൽ നടന്ന തിരിമറികൾ അറിഞ്ഞിട്ടില്ലെങ്കിൽ പിന്നെ എന്തിനാണ് ഇവരൊക്കെ മന്ത്രിമാരായി ഇരിക്കുന്നത്. സ്വന്തം വകുപ്പിന്റെ കീഴിൽ ഒരു കൊള്ള നടക്കുമ്പോൾ അത് കണ്ടുപിടിക്കാൻ മന്ത്രിമാർക്ക് കഴിഞ്ഞില്ല എന്നുപറഞ്ഞാൽ ആരാണ് വിശ്വസിക്കുക, പ്രത്യേകിച്ച് മാർക്സിസ്റ്റ് പാർട്ടി പോലെ ഒരു സംവിധാനത്തിൽ. അറസ്റ്റിലായവരെല്ലാം ഒരേ പാർട്ടിക്കാരല്ലേ?' മുരളീധരൻ ചോദിച്ചു.

'സ്വന്തം പാർട്ടിക്കാർ സ്വർണം കടത്തിയത്, സിപിഎമ്മും അതിന്റെ തലപ്പത്തുള്ളവരും മന്ത്രിയും അടക്കം അറിഞ്ഞില്ല എന്നുപറഞ്ഞാൽ എങ്ങനെ ശരിയാകും. ഇപ്പോൾ ജയിലിൽ കിടക്കുന്ന നാലഞ്ച് പേരും തന്ത്രിയും ചേർന്നാൽ എല്ലാമായി, കേസ് കഴിഞ്ഞു എന്നാണ് സർക്കാർ കരുതുന്നതെങ്കിൽ അത് അംഗീകരിക്കാൻ കഴിയില്ല. തന്ത്രിയെ മറയാക്കി മന്ത്രിയെ രക്ഷിക്കാൻ നോക്കണ്ട.'

'എല്ലാം തന്ത്രിയിൽ അവസാനിപ്പിക്കാം എന്ന് സർക്കാർ കരുതേണ്ട. കേസ് പ്രതിപക്ഷം സസൂക്ഷ്മം വീക്ഷിക്കുന്നുണ്ട്. മന്ത്രിമാരെ രക്ഷിക്കാൻ ഏതെങ്കിലും വിധത്തിൽ ശ്രമം നടന്നാൽ പ്രതിപക്ഷം ശക്തമായി പ്രതികരിക്കും.' എന്നും കോൺഗ്രസ് നേതാവ് കെ. മുരളീധരൻ മാധ്യമങ്ങളോട് പറഞ്ഞു.

ഓപ്പറേഷൻ സിന്ദൂർ പാകിസ്താനെ ഭരണഘടനയിലും സൈന്യത്തിലും മാറ്റംവരുത്താൻ നിർബന്ധിതരാക്കി: അനിൽ ചൗഹാൻ

പുണെ: ഇന്ത്യയുടെ ഓപ്പറേഷൻ സിന്ദൂർ പാകിസ്താനെ ഭരണഘടനാപരമായ ഭേദഗതികളിലൂടെ മുന്നോട്ട് പോകാനും പ്രതിരോധ മേഖലയെ പുനഃക്രമീകരിക്കാനും നിർബന്ധിതരാക്കിയെന്ന് പ്രതിരോധ മേധാവി ജനറൽ അനിൽ ചൗഹാൻ. പാകിസ്താന്റെ സൈനിക സംവിധാനത്തിലെ ഗുരുതരമായ പ്രശ്നങ്ങളും കുറവുകളും ഓപ്പറേഷൻ സിന്ദൂർ തുറന്നുകാട്ടി എന്നതിന്റെ അംഗീകാരമാണ് ഈ മാറ്റങ്ങളെന്ന് ജനറൽ ചൗഹാൻ പറഞ്ഞു.

ഗോഖലെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പൊളിറ്റിക്സ് ആൻഡ് ഇക്കണോമിക്സിൽ 'പുണെ പബ്ലിക് പോളിസി ഫെസ്റ്റിവൽ 2026' പരിപാടിയിൽ പങ്കെടുക്കുകയായിരുന്നു ജനറൽ ചൗഹാൻ. ഓപ്പറേഷന് ശേഷമുള്ള പാകിസ്താന്റെ കമാൻഡ് ആൻഡ് കൺട്രോൾ ഘടനയിലെ പുനഃക്രമീകരണം സംഘർഷ സമയത്ത് ഉയർന്നുവന്ന ബലഹീനതകൾ വെളിപ്പെടുത്തിയതായി അദ്ദേഹം ചൂണ്ടിക്കാട്ടി.

ജോയിന്റ് ചീഫ്സ് ഓഫ് സ്റ്റാഫ് കമ്മിറ്റിയുടെ ചെയർമാൻ പദവി നിർത്തലാക്കി പകരം ചീഫ് ഓഫ് ഡിഫൻസ് ഫോഴ്സസ് എന്ന സ്ഥാനം ഏർപ്പെടുത്തിയതും നാഷണൽ സ്ട്രാറ്റജി കമാൻഡ്, ആർമി റോക്കറ്റ് ഫോഴ്സസ് കമാൻഡ് പോലുള്ള പുതിയ സംവിധാനങ്ങൾ രൂപീകരിച്ചതും ഓപ്പറേഷൻ സിന്ദൂറിലെ തിരിച്ചടിയുടെ ഭാഗമായി പാകിസ്താൻ കൊണ്ടുവന്ന മാറ്റങ്ങളാണെന്ന് ജനറൽ ചൗഹാൻ അഭിപ്രായപ്പെട്ടു.

തന്ത്രി കണ്ഠര് രാജീവർക്ക് ദേഹാസ്വാസ്ഥ്യം

തിരു: ശബരിമല സ്വർണക്കൊള്ള കേസിൽ അറസ്റ്റിലായ തന്ത്രി കണ്ഠര് രാജീവർക്ക് ദേഹാസ്വാസ്ഥ്യം. തിരുവനന്തപുരത്തെ ജനറൽ ആശുപത്രിയിലേക്ക് കൊണ്ടുവരും എന്നാണ് വിവരം. സ്ഥലത്ത് പോലീസിനെ വിന്യസിച്ചിട്ടുണ്ട്. ശനിയാഴ്ച രാവിലെയാണ് ദേഹാസ്വാസ്ഥ്യം അനുഭവപ്പെട്ടത് എന്ന് ജയിൽ സൂപ്രണ്ട് അറിയിച്ചു.

രാജീവരെ 14 ദിവസത്തേക്കാണ് റിമാൻഡ് ചെയ്തിരിക്കുന്നത്. ശബരിമല താന്ത്രികാവകാശമുള്ള താഴമൺ കുടുംബാംഗമായ കണ്ഠര് രാജീവരെ ഇന്ന് പുലർച്ചെ തിരുവനന്തപുരത്തേക്കു വിളിച്ചുവരുത്തി 5 മണിക്കൂറോളം ചോദ്യം ചെയ്തശേഷമാണ് അറസ്റ്റ് രേഖപ്പെടുത്തിയത്.

സ്വർണപ്പാളികൾ ഇളക്കിയെടുക്കുന്നത് ആചാരലംഘനമാണെന്ന് അറിയാമായിട്ടും തന്ത്രി അതിന് ഒത്താശചെയ്തെന്ന് പ്രത്യേക അന്വേഷണ സംഘം വിജിലൻസ് കോടതിയിൽ സമർപ്പിച്ച റിമാൻഡ് റിപ്പോർട്ടിൽ പറയുന്നത്.

ഒന്നാംപ്രതി ഉണ്ണികൃഷ്ണൻപോറ്റിക്ക് ഇതിനായി മൗനാനുവാദം നൽകി ഗൂഢാലോചനയിൽ പങ്കാളിയാവുകയും ചെയ്തു.

2019 മേയ് 18-ന് ശ്രീകോവിൽ വാതിലിന്റെ കട്ടിളപ്പാളികളും പ്രഭാമണ്ഡല പാളികളും അഴിച്ചുമാറ്റി ഉണ്ണികൃഷ്ണൻ പോറ്റിക്ക് കൈമാറിയപ്പോൾ, ദേവന്റെ അനുവാദം വാങ്ങിയില്ല. ആവശ്യമായ താന്ത്രികനടപടികൾ പാലിച്ചില്ലെന്നും റിപ്പോർട്ടിലുണ്ട്.

ഇന്ന് ഉച്ചയ്ക്ക് രണ്ടരയോടെയാണ് തന്ത്രിയെ ഈഞ്ചയ്ക്കലിലെ പ്രത്യേക അന്വേഷണ സംഘത്തിന്റെ ഓഫീസിലെത്തിച്ച് അറസ്റ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കിയത്. വൈകീട്ട് ജനറൽ ആശുപത്രിയിൽ വൈദ്യപരിശോധന നടത്തി. രാത്രി 7.40-ഓടെ കൊല്ലം വിജിലൻസ് കോടതി ജഡ്ജി സി.എസ്. മോഹിതിന്റെ വീട്ടിൽ ഹാജരാക്കി.

റിമാൻഡിനുശേഷം രാത്രി പത്തരയോടെ തിരുവനന്തപുരം സ്പെഷ്യൽ സബ് ജയിലിലേക്കുമാറ്റി. ദേവന്റെ പിതൃതുല്യസ്ഥാനമാണ് തന്ത്രിക്ക്. അതുകൊണ്ടുതന്നെ, ശബരിമല ക്കേസിലെ ഏറ്റവും നിർണായകമായ അറസ്റ്റാണിത്.

കേരളത്തിൽ എൻ.ഡി.എക്ക് മുഖ്യമന്ത്രി സ്ഥാനാർഥി ഉണ്ടാകും: ശോഭ സുരേന്ദ്രൻ

തിരു: കേരളത്തിൽ എൻ.ഡി.എക്ക് മുഖ്യമന്ത്രി സ്ഥാനാർഥിയുണ്ടാകുമെന്ന് ബി. ജെ.പി നേതാവ് ശോഭ സുരേന്ദ്രൻ. ഈ തെരഞ്ഞെടുപ്പിൽ എൻ.ഡി.എ അദ്ഭുതങ്ങൾ നടത്തുമെന്നും അനന്തപുരിയിൽ തുറന്ന വാതിൽ സെക്രട്ടറിയേറ്റിലും തുറക്കുമെന്നും ശോഭ സുരേന്ദ്രൻ പറഞ്ഞു.

കേരളത്തിലും എൻ.ഡി. എയുടെ ഡബിൾ എൻജിൻ സർക്കാർ വരും. പാർട്ടി ആവശ്യപ്പെട്ടാൽ മണ്ഡലം നോൽക്കാതെ മത്സരിക്കും. കേരളത്തിൽ വർഗീയധ്രുവീകരിണം നടത്താനാണ് സി.പി.എം ശ്രമിക്കുന്നത്. വികസനത്തിൽ കേന്ദ്രത്തിന്റെയത്ര വേഗം സംസ്ഥാനത്തിനില്ലെന്നും ശോഭ സുരേന്ദ്രൻ പറഞ്ഞു.

പാർട്ടി തെരഞ്ഞെടുപ്പ് പ്രവർത്തനത്തിന് ഇറങ്ങാനാണ് ആവശ്യപ്പെടുന്നതെങ്കിൽ അതിനും തയാറാണെന്നും. സംസ്ഥാനത്ത് ബി.ജെ.പിക്ക് അനുകൂലമായ സാഹചര്യമാണ് നിലനിൽക്കുന്നതെന്നും ശോഭ സുരേന്ദ്രൻ പറഞ്ഞു. വരാനിരിക്കുന്ന നിയമസഭ തെരഞ്ഞെടുപ്പിൽ ശോഭ സുരേന്ദ്രൻ മത്സരിക്കുമെന്ന് എതാണ്ട് ഉറപ്പായിട്ടുണ്ട്. എന്നാൽ, അവർ മത്സരിക്കുന്ന മണ്ഡലം സംബന്ധിച്ച് ഇപ്പോഴും അഭ്യൂഹങ്ങൾ നിലനിൽക്കുകയാണ്.

മത ന്യൂനപക്ഷ വിരുദ്ധ സമീപനം പൊതുജീവിതത്തിൽ ഇന്നേവരെ എന്റെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല: എ.കെ. ബാലൻ

തിരു: ജമാഅത്തെ ഇസ്ലാമിയെക്കുറിച്ച് വർഗീയ പ്രസ്താവന നടത്തിയതിന് ലഭിച്ച വക്കീൽ നോട്ടീസിനെക്കുറിച്ച് പ്രതികരണവുമായി സി.പി.എം നേതാവ് എ.കെ. ബാലൻ. ജമാഅത്തെ ഇസ്ലാമിയുടെ വക്കീൽ നോട്ടീസ് ലഭിച്ചെന്നും സി.പി.എമ്മിനെയും തന്നെയും അപകീർത്തിപ്പെടുത്താനുള്ള ശ്രമമാണ് നോട്ടീസെന്നും എ.കെ. ബാലൻ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

നിരുപാധിക മാപ്പും നഷ്ടപരിഹാരവുമാണ് വക്കീൽ നോട്ടീസിൽ ആവശ്യപ്പെട്ടിട്ടുള്ളത്, അതൊന്നും കൊടുക്കാൻ മനസ്സില്ല. അതിന്റെ പേരിൽ ജയിലിൽ പോകാനാണ് വിധിയെങ്കിൽ സന്തോഷപൂർവം സ്വീകരിച്ച് ജയിലിൽ പോകും. കേസും കോടതിയും പുത്തരിയല്ല. എം.പി, എം.എൽ.എ, മന്ത്രി എന്ന നിലയിൽ ഞാൻ നടത്തിയ പ്രവർത്തനങ്ങൾ പൊതുജനങ്ങളിൽ ഒരു രൂപത്തിലുമുള്ള ആക്ഷേപം ഉണ്ടാക്കിയിട്ടില്ല. പൊതുജീവിതത്തിൽ ഇന്നേവരെ മതനിരപേക്ഷതക്ക് എതിരായിട്ടോ, മത ന്യൂനപക്ഷ വിരുദ്ധ സമീപനമോ എൻറെ ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ല എന്ന് മാത്രമല്ല, മത ന്യൂനപക്ഷ സംരക്ഷണവുമായി ബന്ധപ്പെട്ടുകൊണ്ട് ഭൂരിപക്ഷ വർഗീയത ഉയർത്തുന്ന ഫാസിസ്റ്റ് വെല്ലുവിളിക്ക് എതിരായി ശബ്ദിക്കാൻ പറ്റുന്ന സ്ഥലങ്ങളിലെല്ലാം ശബ്ദിച്ചിട്ടുണ്ട് ഇത് അവസാനം വരെയുണ്ടാകും. ഇതാണ് എന്റെ ചരിത്രം -അദ്ദേഹം പറഞ്ഞു.

യു.ഡി.എഫ് ഭരിച്ചാൽ കേരളത്തിലെ ആഭ്യന്തരം കൈകാര്യം ചെയ്യുന്നത് ജമാഅത്തെ ഇസ്ലാമിയായിരിക്കുമെന്നും ?അപ്പോൾ പലമാറാടുകളും ആവർത്തിക്കുമെന്നുമായിരുന്നു എ.കെ. ബാലൻ പറഞ്ഞത്. ഈ പ്രസ്താവനയെ പിന്തുണച്ച് മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ രംഗത്തെത്തിയിരുന്നു. കേരളത്തിൽ വർഗീയ കലാപങ്ങൾ അരങ്ങേറിയ ഒരു കാലമുണ്ടായിരുന്നുവെന്നും ഇത് ഓർമിപ്പിക്കാനാണ് ബാലൻ ശ്രമിച്ചത് എന്നുമാണ് മുഖ്യമന്ത്രി വാർത്താസമ്മേളനത്തിൽ പറഞ്ഞത്.

പ്രസ്താവന തിരുത്തണമെന്നും മാപ്പുപറയണമെന്നും ഒരു കോടി രൂപ നഷ്ടപരിഹാരം നൽകണമെന്നും ഇല്ലെങ്കിൽ സിവിൽ, ക്രിമിനൽ നടപടികൾ സ്വീകരിക്കുമെന്നും വ്യക്തമാക്കി ജമാഅത്ത് സെക്രട്ടറി ശിഹാബ് പൂക്കോട്ടൂരാണ് വക്കീൽ നോട്ടീസ് അയച്ചത്. ബി.ജെ.പി പോലും രാഷ്ട്രീയ ആയുധമാക്കാത്ത മാറാട് കാലത്തെ ആയുധമാക്കാൻ സി.പി.എം ശ്രമിക്കരുതെന്ന് ജമാഅത്തെ ഇസ്ലാമി കേരള അമീർ പി. മുജീബുറഹ്മാൻ മുന്നറിയിപ്പ് നൽകിയിരുന്നു. മാറാട് കലാപത്തിന്റെ മുറിവുണക്കാൻ ശ്രമിച്ച സംഘടനയാണ് ജമാഅത്തെ ഇസ്ലാമി. അന്നത്തെ അമീർ സിദ്ദീഖ് ഹസ്സനാണ് മാറാട് സന്ദർശിച്ച് ഇരു വിഭാഗങ്ങളുമായി ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിന് മുന്നിൽ നിന്നത്. കേരളം മറക്കാൻ ആഗ്രഹിക്കുന്ന മുറിവാണ് മാറാട്. മുതിർന്ന സി.പി.എം നേതാവായ എ.കെ ബാലൻ അഭിനവ ഗീബൽസ് ആകരുതെന്നും പി. മുജീബുറഹ്മാൻ പറഞ്ഞിരുന്നു.

ബാലനെന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് ബാലനോട് ചോദിക്കണം -എൽ.ഡി.എഫ് കൺവീനർ.

എ.കെ. ബാലൻ എന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് അദ്ദേഹത്തോട് ചോദിക്കണമെന്നാണ് എൽ.ഡി.എഫ് കൺവീനർ ടി.പി. രാമകൃഷ്ണൻ ഇന്നലെ പറഞ്ഞത്. 'യു.ഡി.എഫ് അധികാരത്തിൽ വരാൻ പോകുന്നില്ല. യു.ഡി.എഫ് അധികാരത്തിൽ വരുമ്പോഴല്ലേ ജമാഅത്തെ ഇസ്ലാമി അധികാരത്തിൽ വരുന്നതിന്റെ പ്രശ്നം പരിശോധിക്കേണ്ടത് അതാണ് സി.പി.എമ്മിന്റെ നിലപാട്. അതിൽനിന്നും വ്യത്യസ്തമായി ബാലനെന്തെങ്കിലും പറഞ്ഞിട്ടുണ്ടെങ്കിൽ അത് ബാലനോട് സംസാരിച്ച് വ്യക്തമാക്കണം' - എന്നാണ് എൽ.ഡി.എഫ് കൺവീനർ ഇന്നലെ വാർത്താ സമ്മേളനത്തിൽ ചോദ്യത്തിന് മറുപടിയായി പറഞ്ഞത്. മാറാട് അടഞ്ഞ അധ്യായമാണെന്നും അതിനെ കുറിച്ച് വീണ്ടും പറഞ്ഞ് ഭിന്നിപ്പിക്കാനില്ലെന്നും ടി.പി. രാമകൃഷ്ണൻ പറഞ്ഞു.

രാമക്ഷേത്ര പരിസരത്ത് ഇനി നോൺവെജ് വേണ്ട; ഓൺലൈൻ ഡെലിവറിക്കും വിലക്ക്

അയോധ്യയിലെ രാമക്ഷേത്രത്തിന് ചുറ്റുമുള്ള 15 കിലോമീറ്റർ പരിധിയിൽ മാംസാഹാര വിതരണം നിരോധിച്ച് അയോധ്യ ഭരണകൂടം ഉത്തരവിറക്കി. 'പഞ്ചകോശി പരിക്രമ' എന്ന് അടയാളപ്പെടുത്തിയിട്ടുള്ള വിശുദ്ധ പ്രദേശങ്ങളിൽ ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴി മാംസാഹാരങ്ങൾ വിതരണം ചെയ്യുന്നെന്ന് വ്യാപകമായി പരാതി ലഭിച്ചതോടെയാണ് ഈ നടപടിയെന്ന് ഉദ്യോഗസ്ഥർ അറിയിച്ചു. അയോധ്യയിലെ ചില ഹോട്ടലുകളിലും ഹോംസ്റ്റേകളിലും അതിഥികൾക്ക് മാംസാഹാരവും മദ്യവും നൽകുന്നതായി റിപ്പോർട്ടുകളുണ്ടെന്നും ഇത്തരം പ്രവർത്തനങ്ങളിൽ നിന്ന് വിട്ടുനിൽക്കാൻ സ്ഥാപനങ്ങൾക്ക് കർശന മുന്നറിയിപ്പ് നൽകിയിട്ടുണ്ടെന്നും അധികൃതർ കൂട്ടിച്ചേർത്തു.

രാമക്ഷേത്ര പരിസരത്തെ ഭക്ഷണശാലകളിലും നിലവിൽ നോൺ വെജ് നിരോധനമുണ്ട്. ഇനി മുതൽ സ്വിഗ്ഗി, സൊമാറ്റോ അടക്കമുള്ള ഓൺലൈൻ പ്ലാറ്റ്ഫോമുകൾ വഴിയും നോൺ വെജ് വാങ്ങാനാകില്ല. അയോധ്യയേയും ഫൈസാബാദിനെയും ബന്ധിപ്പിക്കുന്ന 14 കിലോമീറ്റർ ദൈർഘ്യമുള്ള 'രാം പഥിൽ' മദ്യത്തിന്റെയും മാംസത്തിന്റെയും വിൽപ്പന നിരോധിക്കാൻ 2025 മെയ് മാസത്തിൽ അയോധ്യ മുനിസിപ്പൽ കോർപ്പറേഷൻ തീരുമാനിച്ചിരുന്നു. എന്നാൽ കഴിഞ്ഞ ഒൻപത് മാസമായി മദ്യവിൽപ്പനയ്ക്കുള്ള നിരോധനം നടപ്പിലായിട്ടില്ലെന്നും ഈ പാതയോരത്ത് ഇരുപതിലധികം മദ്യശാലകൾ പ്രവർത്തിക്കുന്നുണ്ടെന്നും പ്രദേശവാസികൾ പറഞ്ഞു.

അതേസമയം രാം പഥിന് സമീപത്ത് ഉണ്ടായിരുന്നെന്ന് പറയപ്പെടുന്ന മാംസക്കടകൾ പൂർണമായും നീക്കിയെന്നും മദ്യശാലകളുടെ കാര്യത്തിൽ നടപടിയെടുക്കാൻ ജില്ലാ ഭരണകൂടത്തിന്റെ അനുമതി ആവശ്യമാണെന്നും മുൻസിപ്പൽ ഓഫീസർ വ്യക്തമാക്കി.

തന്ത്രിയുടെ വീട്ടിലെത്തി ബിജെപി നേതാക്കൾ; സൗഹൃദ സന്ദർശനമെന്ന് വിശദീകരണം

ചെങ്ങന്നൂർ: ശബരിമല സ്വർണക്കൊള്ളക്കേസിൽ ഇന്നലെ അറസ്റ്റിലായ തന്ത്രി കണ്ഠരര് രാജീവരുടെ വീട്ടിൽ ബിജെപി നേതാക്കളെത്തി. ഇന്ന് രാവിലെ പതിനൊന്നുമണിയോടെ ബിജെപി ആലപ്പുഴ സൗത്ത് ജില്ലാ പ്രസിഡന്റ് സന്ദീപ് വാചസ്പതിയുടെ നേതൃത്വത്തിൽ പ്രാദേശിക ബിജെപി നേതാക്കൾഉൾപ്പെടെ തന്ത്രിയുടെ ചെങ്ങന്നൂരിലെ വീട്ടിലെത്തിയത്. തന്ത്രിക്ക് പിന്തുണ അറിയിച്ചാണ് ബിജെപി നേതാക്കൾ എത്തിയതെന്നാണ് റിപ്പോർട്ട്. എന്നാൽ തന്റെ പാർട്ടി ഘടകത്തിന്റെ അധികാരപരിധിയിലാണ് തന്ത്രിയുടെ വീടെന്നും അതിനാലാണ് എത്തിയതെന്നുമാണ് സന്ദീപ് വാചസ്പതി മാദ്ധ്യമങ്ങളോടുപറഞ്ഞത്. തന്ത്രിയെ ബലിയാടാക്കുന്നു എന്നതരത്തിൽ ബിജെപി അനുകൂല സോഷ്യൽ മീഡിയ പേജുകളിൽ വ്യാപക പ്രചാരണമുണ്ടായിരുന്നു.

തന്ത്രിയുടെ അറസ്റ്റുസംബന്ധിച്ച് ഏറെ സംശയമുണ്ടെന്ന

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സീനിയർ സിറ്റിസൺസ് ഫോറം വാർഷികവും ആദരണിയവും

തൃശൂർ : വേദനിക്കുന്നവർക്ക് ആശ്വാസമായി, തളരുന്നവർക്ക് താങ്ങായി എന്നും നിലനിൽക്കുന്നവർ ആണ് സീനിയർ സിറ്റിസൺ പ്രവർത്തകർ എന്ന കോർപ്പറേഷൻ മേയർ ഡോ നിജി ജസ്റ്റിൻ അഭിപ്രായപ്പെട്ടു.

കേരള സീനിയർ സിറ്റിസൺസ് ഫോറത്തിന്റെ 19-ാം വാർഷികവും ആദരണിയവും ഉൽഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അവർ. ജില്ലാ പ്രസിഡണ്ട് കെ സേതുമാധവൻ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ വിവിധ രംഗത്ത് പ്രാഗൽഭ്യം തെളിയിച്ച വിജയിച്ച ഫോറത്തിലെ അംഗങ്ങളെ മേയർ ആദരിച്ചു.

ജില്ലാ വൈസ് പ്രസിഡണ്ട പി മുഹമ്മദ് ബാബു,സി സി ജോസ്, ടി ആർ ബാലസുബ്രഹ്മണ്യൻ, പെഫ്ര വി എ വർഗ്ഗീസ്, കെ ഗോവിന്ദൻകുട്ടി മേനോൻ, സുരഭില രമണൻ, അഡ്വ ജോയ് ബാസ്റ്റ്യൻ, ചാക്കോള ടി, എൻ ശ്രീനിവാസൻ എന്നിവർ സംസാരിച്ചു. പുതിയ തെരഞ്ഞെടുപ്പിനു ശേഷം ഫോറം അംഗങ്ങളുടെ വിവിധ കലാപരിപാടികളും അരേങ്ങറി.

ചേറൂർ തിരുനാളിന് കൊടിയേറി

ചേറൂർ . ചേറൂർ വിജയപുരം ഇടവക 16, 17, 18 ,19 തീയതികളിൽ നടത്തുന്ന വിശുദ്ധരായ സെബസ്ത്യാനോസിന്റെയും ഫ്രാൻസിസ് സേവിയറിൻറേയും തിരുനാളിന് കൊടിയേറി. ഫാ. അജിത് തച്ചോത്ത് കൊടിയേറ്റം നടത്തി. വികാരി ഫാദർ ജോൺസൺ അന്തിക്കാടൻ, ഫാ. ഡേവിസ് ചെറയത്ത് സഹകാർമ്മികത്വം വഹിച്ചു.

ജനുവരി 9 മുതൽ 15 വരെ വിശുദ്ധ കുർബാന,ലദീഞ്ഞ് ഉണ്ടായിരിക്കും 16ന് കുർബാന, ലദീഞ്ഞ് നൊവേന, കൂട് തുറക്കൽ. 17ശനിയാഴ്ച രാവിലെ കുർബാന, ലദീഞ്ഞ്, നൊവേനയും യൂണിറ്റുകളിലേക്കുള്ള അമ്പ്, കിരീടം വെഞ്ചിരിപ്പും രാത്രി പതിനൊന്നരയോടെ യൂണിറ്റുകളിൽ നിന്നുള്ള അമ്പ്പ്രദക്ഷിണം സമാപനം. 18ന് ഞായർ രാവിലെ കുർബാന 10 മണിക്ക് ഫാദർ സാജൻ വടക്കന്റെ മുഖ്യകാർമികത്വത്തിൽ ആഘോഷമായ പാട്ടു കുർബാന.റവ.ഡോ. സനൽ മാളിയേക്കൽ തിരുനാൾ സന്ദേശം നൽകും.

വിജയപുരം ചേറൂർ സെന്റ് ഫ്രാൻസീസ് സേവിയേഴ്സ് ദേവാലയത്തിലെ സംയുക്ത തിരുനാളിന് ഫാദർ അജിത് തച്ചോത്ത് കൊടികയറ്റുന്നു

അഭിവന്ദ്യ മാർ ഔഗിൻ കുരിയാക്കോസ് തിരുമേനിയുടെ മെത്രപ്പോലീറ്റൻ പട്ടാഭിഷേകത്തിന്റെ മൂന്നാം വാർഷികം പൗരാഹിത്യ ദിനമായി ആചരിച്ചു

തൃശൂർ: പൗരസ്ത്യ കൽദായ സുറിയാനി സഭ മെത്രപ്പോലീത്ത അഭിവന്ദ്യ മാർ ഔഗിൻ കുരിയാക്കോസ് തിരുമേനിയുടെ മെത്രപ്പോലീറ്റൻ പട്ടാഭിഷേകത്തിന്റെ മൂന്നാം വാർഷികം പൗരാഹിത്യ ദിനമായി സമുചിതമായി ആഘോഷിച്ചു.2023 ജനുവരി 8 ന് തൃശ്ശൂരിൽ മാർത്ത് മറിയം വലിയപള്ളി കത്തിഡ്രൽ പള്ളിയിൽ കൽദായ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ മാറാൻ മാർ ആവ തൃതിയന്റെ പക്കൽ നിന്ന് പട്ടാഭിഷേകം സ്വീകരിച്ചത്. ഇന്നത്തെ യോഗം മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. വികാരി ജനറാൾ ബഹുമാനപ്പെട്ട ഫാ.ജോസ് ജേക്കബ് വേങ്ങാശ്ശേരി സ്വാഗത പ്രസംഗം നടത്തി. ഓണംപള്ളി മുഹമ്മദ് ഫൈസി, സ്വാമി നന്ദാത്മജാനന്ദ എന്നിവർ അനുഗ്രഹ പ്രഭാഷണം നടത്തി. മെത്രപ്പോലീറ്റൻ പട്ടാഭിഷേകത്തിന്റെ മൂന്നാം വാർഷികത്തിന്റെ ഉപഹാരം ക്ലർജി സെക്രട്ടറി ഫാ. കെ. ആർ. ഇനാശു, വികാരി ജനറൽ ഫാ. ജോസ് ജേക്കബ് വേങ്ങാശേരി എന്നിവർ ചേർന്ന് സമർപ്പിച്ചു. പൗരോഹിത്യത്തിൽ 50 കൊല്ലം പിന്നിട്ട വന്ദ്യ വൈദികരെ മാർ ഔഗിൻ കുര്യാക്കോസ് മെത്രാപ്പോലീത്ത ആദരിച്ചു.

ദി ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റീസ് ചെയർമാൻ അബി ജെ പൊൻമണിശേരി ആദര പ്രസംഗം നടത്തി.

തുടർന്ന് പൗരോഹിത്യം; കാർമ്മികൻ, ഇടയൻ, പ്രവാചകൻ എന്ന വിഷയത്തെ കുറിച്ച് നാഗ്പൂർ സെന്റ് തോമാസ് ഓർത്തഡോക്സ് സെമിനാരി പ്രിൻസിപ്പാൾ റവ. ഡോ. ജോസ് സി. ജേക്കബ് സെമിനാർ നയിച്ചു.

കേന്ദ്ര മഹിളാ സമാജം പ്രസിഡന്റ് മേരി പോൾ, കേന്ദ്ര മാർ അപ്രേം സൺഡേ സ്കൂൾ ജനറൽ സെക്രട്ടറി ഫാ.ടി ന്റോ കെ തിമോത്തി , കേന്ദ്ര യൂത്ത്സ് അസ്സോസിയേഷൻ പ്രസിഡണ്ട് ഫാ.ജാക്സ് ചാണ്ടി, കേന്ദ്ര വിമൺ യൂത്ത്സ് അസ്സോസിയേഷൻ പ്രസിഡന്റ് സിസ്റ്റർ ഒ. യു. ജിൻസി എന്നിവർ ആശംസകൾ അർപ്പിച്ചു. മറുപടി പ്രസംഗം ഫാ. കെ. ആർ. ഇന ശു നിർവ്വഹിച്ചു. ദി ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റീസ് വൈസ് ചെയർമാൻ ഗിഫ്റ്റൻ കെ. ജോസഫ് നന്ദി പറഞ്ഞു. ദി ബോർഡ് ഓഫ് സെൻട്രൽ ട്രസ്റ്റീസ് അംഗങ്ങളായ പോൾ അബി മലേക്, ജോഫിൻ ജോൺ, ജോബി സി.വി, തോമാസ് കുള എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

അഡ്വ.ഏ.ഡി.ബെന്നിക്ക് വിവേകാനന്ദ പ്രതിഭ പുരസ്കാരം

തൃശൂർ:അഡ്വ.ഏ.ഡി.ബെന്നിക്ക് കേരള യൂത്ത് ക്ലബ്ബ് അസോസിയേഷന്റെ വിവേകാനന്ദ പ്രതിഭ പുരസ്കാരം. സാംസ്കാരിക രംഗത്തേയും ഇതര മേഖലകളിലേയും പ്രവർത്തന മികവ് മാനിച്ചാണ് പുരസ്കാരത്തിന് ഏ.ഡി.ബെന്നി അർഹനായത്. തൃശൂരിൽ ട്രിനിറ്റി ഓഡിറ്റോറിയത്തിൽ 2026 ജനുവരി 12 ന് സംസ്ഥാന റവന്യൂ വകുപ്പ് മന്ത്രി കെ.രാജൻ ഉദ്ഘാടനം നിർവ്വഹിക്കുന്ന ദിശ ഹൃദയ പൂർവ്വം ചടങ്ങിൽ വെച്ച് തൃശൂർ എം.എൽ.എ. പി.ബാലചന്ദ്രൻ പുരസ്കാരം സമർപ്പിക്കും. തൃശൂർ കോർപ്പറേഷൻ മേയർ ഡോ. നിജി ജസ്റ്റിൻ മുഖ്യാതിഥിയായിരിക്കും. തൃശൂർ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട് മേരി തോമസ് വിശിഷ്ഠാതിഥിയായിരിക്കും. കേരള യൂത്ത് ക്ലബ് അസോസിയേഷൻ പ്രസിഡണ്ട് ബിജു ആട്ടോർ അദ്ധ്യക്ഷത വഹിക്കും. ഉപഭോക്തൃ കേസുകൾ നടത്തി റെക്കോഡിട്ടിട്ടുള്ള ബെന്നി വക്കീൽ ഉപഭോക്തൃ വിദ്യാഭ്യാസ രംഗത്ത് സജീവമായി ഇടപെട്ടു വരുന്നു.സാംസ്കാരിക രംഗത്തും ജീവകാരുണ്യരംഗത്തും ബെന്നി വക്കീൽ സജീവമാണ്. കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപക സെക്രട്ടറിയും ഇപ്പോഴത്തെ ഡയറക്ടറുമാണ്. ആയിരത്തിലധികം ലേഖനങ്ങളും വ്യത്യസ്ത വിഷയങ്ങളെ ആസ്പദമാക്കി ആയിരത്തിലധികം വീഡിയോകളും ബെന്നി വക്കീലിന്റേതായി പ്രസിദ്ധീകൃതമായിട്ടുണ്ട്. വൃക്ക രോഗികൾക്ക് വേണ്ടി പ്രവർത്തിച്ചു വരവെ വൃക്കരോഗം ബാധിച്ച് വൃക്ക മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തി ജീവിതത്തിലേക്ക് തിരിച്ചു വന്ന ബെന്നി വക്കീലിന്റെ ജീവചരിത്ര ഗ്രന്ഥം പത്മവ്യൂഹം ഭേദിച്ച് പ്രചോദനാത്മകമാണ്.ബ്രേവിംഗ് ഓൾ ഓഡ്സ് എന്ന പേരിൽ ഇംഗ്ലീഷിലേക്ക് ജീവചരിത്രം വിവർത്തനം ചെയ്യപ്പെട്ടിട്ടുമുണ്ട്.

സർ സൈദ് കോളേജിലെ അറിയപ്പെടുന്ന പ്രതിഭകളെ ആദരിച്ചു

കണ്ണൂർ: കണ്ണൂരിൽ റെയിൻബോ സൂട്ടിൽ വെച്ചുനടന്ന വിപുലമായ യോഗത്തിൽ വെച്ച് സർ സയ്യിദ് കോളേജ് സീനിയർ കൾച്ചറൽ എൻക്ലെവ് വിപുലമായി സംഘടിപ്പിച്ചു. പ്രമുഖ വ്യവസായിയും സംഘടകനുമായ ഹമീദ് സാഹിബ് അധ്യക്ഷത വഹിച്ചു.

കോളേജിലെ പൂർവവിദ്യാർത്ഥിയായ അഷ്റഫ് കാനംപുള്ളി രചിച്ച മാതൃഭൂമി ബുക്സ് പ്രസിദ്ധീകരിച്ച, അറബിക്കടലും അറ്റ്ലാന്റിക്കും എന്ന നോവലിന്റെ പ്രകാശനം എഴുത്തുകാരനായ വിജയരാജന് കോപ്പി നൽകിക്കൊണ്ട് പ്രശസ്ത മലയാള സാഹിത്യകാരനും വിമർശകനുമായ കൽപ്പറ്റ നാരായണൻ നിർവഹിച്ചു.

ബഹുമുഖ പ്രതിഭയായ അബ്ദുല്ല സോണാജിയേയും, പ്രമുഖ എൻ ആർ ഐ വ്യവസായിയും കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ഡയറക്ടറുമായ ഡോ.ഹസ്സൻകുഞ്ഞ് മുൻ കില ഡയറക്ടർ ഡോ. പി പി ബാലൻ എന്നിവവരെ പൊന്നാട അണിയിച്ചു ആദരിച്ചു.

ഇരിങ്ങാലക്കുടയിലെ റോഡ് വികസനം ബോധപൂർവ്വം വൈകിപ്പിക്കുന്നു: കേരള കോൺഗ്രസ്

ഇരിങ്ങാലക്കുട:അനേക നാളുകൾക്ക് മുമ്പ് പൂർത്തിയാക്കേണ്ട ഠാണാ ബചന്തക്കുന്ന് റോഡ് വികസനം വൈകിപ്പിക്കുന്നതു മൂലം ഇരിങ്ങാലക്കുട സെന്റ് തോമസ്സ് കത്തീഡ്രലിലെ പിണ്ടിപ്പെരുന്നാളും അമ്പെഴുന്നെള്ളിപ്പും കൊല്ലാട്ടി വിശ്വനാഥ ക്ഷേത്രത്തിലെ ഷഷ്ഠി മഹോത്സവവും കടുത്ത പ്രതിസന്ധിയിലാക്കിയിരിക്കുന്നതായി കേരള കോൺഗ്രസ്സ് ഇരിങ്ങാലക്കുട നിയോജക മണ്ഡലം കമ്മിറ്റി യോഗം കുറ്റപ്പെടുത്തി. യു.ഡി.എഫ് ഗവണ്മെന്റിന്റെ കാലഘട്ടത്തിൽ സ്ഥലം എം.എൽ.എയായിരുന്ന തോമസ്സ് ഉണ്ണിയാടന്റെ ശ്രമഫലമായി ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭ്യമാക്കുകയും തുക അനുവദിക്കപ്പെട്ട് പ്രാരംഭ നടപടി 2016 ൽ ആരംഭിക്കുകയും ചെയ്തു ഠാണാ - ചന്തക്കുന്ന് വികസന പ്രവർത്തനങ്ങൾ 10 വർഷമായി വൈകിപ്പിച്ച് നിയമസഭാ തിരഞ്ഞെടുപ്പ് വരെ നീട്ടിക്കൊണ്ടുപോയി രാഷ്ട്രീയ ലാഭം കൊയ്യാൻ ശ്രമിക്കുന്ന ഇരിങ്ങാലക്കുട എം.എൽ.എ യുടേയും എൽ.ഡി.എഫ് സർക്കാരിന്റെയും തരം താണ മനോഭാവം മൂലമാണ് ഈ പ്രവർത്തനങ്ങൾ ഇത്രയും കാലം വൈകിപ്പിച്ചതെന്നും യോഗം വിലയിരുത്തി. ഇരിങ്ങാലക്കുടക്കാരുടെ ഏറ്റവും വലിയ ആഘോഷങ്ങളായ ദനഹ തിരുനാളും ഷഷ്ഠി മഹോത്സവവും തകർക്കുവാനുള്ള ഗൂഢ നീക്കം തിരിച്ചറിയണമെന്നും യോഗം അഭിപ്രായപ്പെട്ടു.

യോഗത്തിൽ നിയോജക മണ്ഡലം പ്രസിഡന്റ് റോക്കി ആളൂക്കാരൻ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാന ജനറൽ സെക്രട്ടറി മിനി മോഹൻദാസ്, ജില്ലാ ഭാരവാഹികളായ സേതുമാധവൻ പറയം വളപ്പിൽ, പി.ടി. ജോർജ്ജ്, സിജോയ് തോമസ്സ്, സതീഷ് കാട്ടൂർ, കൗൺസിലർ മാഗി വിൻസെന്റ്, യുവ കോർഡിനേറ്റർമാരായആർതർ വിൻസെന്റ്, വിവേക് വിൻസെന്റ്, ഫിലിപ്പ് ഓളാട്ടുപുറം,നൈജു ജോസഫ് ഊക്കൻ, അഷ്റഫ് പാലിയത്താഴത്ത്, എ.ഡി. ഫ്രാൻസിസ് ആഴ്ചങ്ങാട്ടിൽ, ജോമോൻ ജോൺസൻ, എൻ.ഡി.പോൾ, ജോൺസൻ കോക്കാട്ട്, വിനോദ് ചേലൂക്കാരൻ, അനിൽ ചന്ദ്രൻകുഞ്ഞിലിക്കാട്ടിൽ,ശ്രീധരൻ മുതിരപ്പറമ്പിൽ, സ്റ്റീഫൻ ചേറ്റുപുഴക്കാരൻ, ലാസർകോച്ചേരി, അജിത സദാനന്ദൻ, തുഷാര ഷിജിൻ,എഡ്വേർഡ് ആന്റണി, വിനീത് വിൻസെന്റ്, ആന്റോൺ പറോക്കാരൻ,ഷക്കീർ മങ്കാട്ടിൽ,ഷൈനി ജോജോ, തോമസ്സ് തോട്ടാൻ, മോഹനൻ ചേരയ്ക്കൽ, ജോർജ്ജ് ഊക്കൻ ജെയ്സൺ മരത്തംപിള്ളി,, ജോയ് പടമാടൻ, ലോനപ്പൻ.കെ.ഒ, ജോർജ്ജ് കുറ്റിക്കാടൻ വത്സകുമാർ ബാലകൃഷ്ണൻ യോഹന്നാൻ കോമ്പാറക്കാരൻ, സിന്റോ മാത്യം, ടോബി തെക്കൂടൻ, ടോണി ഠ. തെക്കൂടൻ,ബൈജു പതിശ്ശേരി, ബെന്നി വഞ്ചിപ്പുര,നാസർ എന്നിവർ പ്രസംഗിച്ചു

വി എം രാധാകൃഷ്ണന്റെ 'സൗഹൃദം പൂത്ത വഴിത്താരകൾ' നാലാം ഭാഗം പ്രകാശനം 11 ന്

തൃശൂർ : പ്രശസ്ത മാധ്യമ പ്രവർത്തകനും ഗ്രന്ഥകാരനുമായ വി എം രാധാകൃഷ്ണന്റെ 'സൗഹൃദം പൂത്ത വഴിത്താരകൾ' എന്ന ഗ്രന്ഥപരമ്പരയുടെ നാലാം ഭാഗം പ്രകാശനം ജനുവരി 11 ന്, ഞായർ, വൈകിട്ട് നാലിന് തൃശൂരിലെ കേരള സാഹിത്യ അക്കാദമി ഹാളിൽ നടത്തും. ഇതിനോടനുബന്ധിച്ച് മുൻ നിയമസഭ സ്പീക്കർ തേറമ്പിൽ രാമകൃഷ്ണന്റെ അധ്യക്ഷതയിൽ ചേരുന്ന സാംസ്കാരിക സംഗമം മുൻമന്ത്രിയും സിപിഐ എം കേന്ദ്ര കമ്മിറ്റി അംഗവുമായ ഇ പി ജയരാജൻ ഉദ്ഘാടനം ചെയ്യും. കോൺഗ്രസ് പ്രവർത്തക സമിതി അംഗം രമേശ് ചെന്നിത്തലക്ക് പുസ്തകം നല്കി ഇ പി ജയരാജൻ പ്രകാശനം ചെയ്യും. ബിഷപ് ടോണി നീലങ്കാവിൽ, മാർ ഓഗിൻ കുര്യാക്കോസ്, മുഹമ്മദ് ഫൈസി ഓണമ്പിള്ളി തുടങ്ങിയർ അനു ഗ്രഹ പ്രഭാഷണം നടത്തും. ഗോവ മുൻ ഗവർണറും ബിജെപി നേതാവുമായ അഡ്വ. പി എസ് ശ്രീധരൻ പിള്ള, മന്ത്രി കെ രാജൻ, മുൻ മന്ത്രിമാരായ കെ പി രാജേൻ, വി എസ് സുനിൽ കുമാർ, എസി മൊയ്തീൻ, പ്രൊഫ. സി രവീന്ദ്രനാഥ്, എൻസിപി ദേശീയ വർക്കിങ്ങ് പ്രസിഡന്റ് പി സി ചാക്കോ, കേരള കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ മാണി തുടങ്ങിയവർ മുഖ്യ പ്രഭാഷകരാണ്. സിപിഐ എം നേതാക്കളായ കെ വി അബ്ദുൾഖാദർ, എം എം വർഗീസ്, കെഎസ്എഫ്ഇ ചെയർമാൻ കെ വരദരാജൻ, ബേബി ജോൺ, എൻ ആർ ബാലൻ, എം കെ കണ്ണൻ, സിപിഐ നേതാവ് സി എൻ ജയദേവൻ തുടങ്ങിയവർ സംസാരിക്കും, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് പ്രൊഫ. കെ സച്ചിദാനന്ദൻ, വൈസ് പ്രസിഡന്റ് അശോകൻ ചരുവിൽ, സെക്രട്ടറി പ്രൊഫ. സി പി അബൂബക്കർ, കേരള സംഗീത നാടക അക്കാദമി സെക്രട്ടറി കരിവള്ളൂർ മുരളി, രാവുണ്ണി, സി എംഐ മുൻ പ്രൊവിൻഷ്യാൾ ഫാ.വാൾട്ടർ തേലപ്പിള്ളി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ്, തൃശൂർ മേയർ ഡോ. നിജി ജസ്റ്റിൻ, ബിജെപി ദേശീയ സമിതി അംഗം എം എസ് സമ്പൂർണ, ഡോ. പി വി കൃഷ്ണൻ നായർ,

സാമൂഹിക, സാംസ്കാരിക, തദ്ദേശ ഭരണ, സാമുദായിക, മാധ്യമ മേഖലയിലെ പ്രമുഖർ സംബന്ധിക്കും. കാരിക്കേച്ചറിസ്റ്റ് ജയരാജ് വാര്യർ അരങ്ങുണർത്തും. മാധ്യമപ്രവർത്തകനും എഴുത്തുകാരനുമായ ബാബു വെളപ്പായയാണ് അവതാരകൻ.

380 പേജുകളുള്ള പുതിയ പുസ്തകത്തിനെ ഫോട്ടോ സെഷനും വിദ്യാർഥി കോർണറും ശ്രദ്ധേയമാക്കുന്നു. ഇ എം എസ് മുതൽ തൃശൂർ പബ്ലിക് ലൈബ്രറി സെക്രട്ടറി പ്രൊഫ. ജോൺ സിറിയക്ക് വരെ നിരവധി പേരുടെ വിവരങ്ങളും അടങ്ങിയിരിക്കുന്നു. തൃശൂർ എബ നൈസർ പ്രസ്സാണ് പുസ്തകം പുറത്തിറക്കിയിട്ടുള്ളത്.

ടി.വി. സുഭാഷ് പി.ആർ.ഡി സെക്രട്ടറി

തൃശൂർ: ടി.വി. സുഭാഷ് ഐ.എ.എസിനെ ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയായി നിയമിച്ച് ഉത്തരവായി. പി.ആർ.ഡി ഡയറക്ടറുടെയും സംസ്ഥാന കാർഷിക സഹകരണ വികസന ബാങ്ക് എം.ഡിയുടെയും പൂർണ അധിക ചുമതലയും നൽകിയിട്ടുണ്ട്.

ചട്ടിയും കലവും പ്രകാശനം നാളെ

ഇരിങ്ങാലക്കുട പ്രൊഫ. വി കെ ലക്ഷ്മണൻ നായർ എഴുതിയ ചട്ടിയും കലവും എന്ന കവിതാ സമാഹാരത്തിന്റെ പ്രകാശനം നാളെ 11 ഞായറാഴ്ച 2-30 ന് സംഗമ സാഹിതിയുടെ ആഭിമുഖ്യത്തിൽ അയ്യങ്കാവ് ക്ഷേത്രത്തിനു സമീപത്തുള്ള തെക്കെ മന വലശ്ശേരി എൻ എസ് എസ് കരയോഗം ഹാളിൽ നടക്കും

സബീൽ കമ്മ്യൂണിറ്റി സെന്റർ നിർമ്മാണോദ്ഘാടനം

പൂത്തോൾ: വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ പൂത്തോൾ സലഫി പള്ളിയോടനുബന്ധിച്ച് നിർമ്മിക്കുന്ന സബീൽ കോംപ്ലക്സിന്റെ നിർമ്മാണോദ്ഘാടനം തിങ്കളാഴ്ച വൈകീട്ട് 4.30ന് നടക്കുന്നതാണ്. കുഞ്ഞുമുഹമ്മദ് മദനി പറപ്പൂർ, പി എൻ, അബ്ദുൾ ലത്തീഫ് മദനി, ടി കെ അഷറഫ്, ശിഹാബ് എടക്കര, അബ്ദുൾലത്തീഫ്, സുല്ലമി, പി കെ അഷറഫ് സുല്ലമി, അൻവർ അബൂബക്കർ, ഡോ. അലി അജ്മാൻ, ഷംസുദ്ധീൻ അജ്മാൻ, ഡോ. ബഷീർ, ഉമ്മർ മുല്ലശ്ശേരി, ജാഫർ സലഫി, ഖാലിദ് കോലേരി എന്നിവർ ചടങ്ങിൽ സംബന്ധിക്കും.

കോടതി പരസ്യം

ബഹു. കൊടുങ്ങല്ലൂർ മുൻസിഫ് കോടതി മുമ്പാകെ

EA: 748/2025
EP: 1061/2024
OS: 541/2012

വിധി ഉടമ: കൊടുങ്ങല്ലൂർ താലൂക്ക് പൊയ്യ വില്ലേജ് പൂപ്പത്തി ദേശത്ത് തോട്ടപ്പിള്ളി കുഞ്ഞിവാറു മകൻ ഫ്രാൻസിസ് @ പൊറിഞ്ചു

-ഹരജിക്കാരൻ

ചാലക്കുടി താലൂക്ക് തിരുമുക്കുളം വില്ലേജ് ഐരാണിക്കുളം പി ഒ യിൽ തോട്ടപ്പിള്ളി ദേവസ്സി മകളും കല്ലറയ്ക്കൽ തോമസ് ഭാര്യയുമായ റോളി

-3-ാം എതൃകക്ഷി

എതൃകക്ഷിയെ കക്ഷി ചേർക്കുന്നതിനാണ് മേൽ നമ്പർ ഹരജി. മേൽ നമ്പറിൽ 3-ാം എതൃകക്ഷിക്കുള്ള നോട്ടീസ് കോർട്ടിലും വാസസ്ഥലത്തും പതിച്ചുനടത്താൻ അനുവദിച്ച് കേസ് **16-01-2026** തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ള തും അന്നേ ദിവസം രാവി ലെ 11 മണിക്ക് മേൽ എതൃകക്ഷി ബഹു. കോടതി മുമ്പാകെ ഹാജരാകേണ്ടതാണെന്ന് ഇതിനാൽ അറിയിക്കുന്നു.

എന്ന്, 8-1-2026

വിധി ഉടമഭാഗം അഡ്വക്കേറ്റ്

സുരേഷ് മുരളീധരൻ

(ഒപ്പ്)കൊടുങ്ങല്ലൂർ

അടച്ചുപൂട്ടിയ കള്ളുഷാപ്പുകൾ തുറന്ന് പ്രവർത്തിപ്പിക്കുക

ഇരിങ്ങാലക്കുട : തൃശ്ശൂർ ജില്ലയിലെ ലൈസൻസികൾ ഒന്നടങ്കം വിവിധ റെയിഞ്ചുകളിലെയും ഗ്രൂപ്പുകളിലെയും കള്ള് ഷാപ്പ് നടത്തിപ്പ് ഏകപക്ഷീയമായി അവസാനിപ്പിച്ചു വരികയാണ്. കള്ള് ഷാപ്പ് അടച്ചുപൂട്ടിയാൽ ഈ മേഖലയിലെ ആയിരക്കണക്കിന് വരുന്ന കള്ള് ചെത്ത് -മദ്യ വ്യവസായ തൊഴിലാളികളുടെ തൊഴിൽ നഷ്ടത്തിന് ഇടവരുന്നു.പരമ്പരാഗത കള്ള് ചെത്ത് തൊഴിൽ വ്യവസായം സംരക്ഷിക്കുന്നതിനും തൊഴിലാളികളുടെ തൊഴിൽ ഉറപ്പുവരുത്തുന്നതിന് സംസ്ഥാന സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് എഐടിയുസി സംസ്ഥാന സെക്രട്ടറി കെജി ശിവാനന്ദൻ പറഞ്ഞു. തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി രൂപീകരിച്ച ടോഡി വെൽഫെയർ ബോർഡ് അടച്ചു പൂട്ടിയ ഷാപ്പുകൾ ഏറ്റെടുത്തു നടത്താൻ തയ്യാറാകണമെന്ന് ആവിശ്യപ്പെട്ട് ചെത്ത് മദ്യവ്യവസായ തൊഴിലാളി യൂണിയനുകളുടെ സംയുക്ത ആഭിമുഖ്യത്തിൽ ഇരിങ്ങാലക്കുട എക്സൈസ് ഓഫീസ് മാർച്ച് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ബി എം എസ് യൂണിയൻ ജില്ലാ സെക്രട്ടറി എം.ബി സുധീഷ് അദ്ധ്യക്ഷത വഹിച്ചു. സിഐടിയു ജില്ലാ കമ്മിറ്റി അംഗം വി.എ മനോജ് കുമാർ, എഐടിയുസി ഇരിങ്ങാലക്കുട റേഞ്ച് ചെത്ത് തൊഴിലാളി യൂണിയൻ സെക്രട്ടറി കെ.വി രാമകൃഷ്ണൻ, പി.വി രാമദാസ്, മദ്യ വ്യവസായ തൊഴിലാളി യൂണിയൻ സെക്രട്ടറി കെ.ഡി സുനിൽകുമാർ, സംയുക്ത യൂണിയൻ നേതാക്കളായ കെ. എ മനോജ്, ബിജു ഉറുമീസ്,എ.വി രാജേഷ് എന്നിവർ സംസാരിച്ചു. വി.എ അനീഷ് സ്വാഗതവും കെ.എസ് രാധാകൃഷ്ണൻ നന്ദിയും പറഞ്ഞു.

19-ാം വർഷവും നല്ല ജീവന സൈക്കിൾ യാത്ര

തൃശൂർ :കേരള നല്ല ജീവന പ്രസ്ഥാനം അന്തർജ്ജില്ലാ സൈക്കിൾ യാത്ര തൃശ്ശൂർ തേക്കിൻകാട് മൈതാനിയിൽ എത്തിചേർന്നു. മുൻ മേയർ കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സ്വീകരണ യോഗത്തിൽ ഡിവിഷൻ കൗൺസിലർ പൂർണിമ സുരേഷ് ഉദ്ഘാടനം ചെയ്തു .

കൗൺസിലർ സുബി ബാബു, മുൻ കൗൺസിലർ സംമ്പൂർണ , സെക്രട്ടറി ഡോ. ജയദേവ് , എം.എം.എ റസാഖ്, യൂണിവേഴ്സിറ്റി കൃഷ്ണൻ കുട്ടി, ഉണ്ണികൃഷ്ണൻ മാറാഞ്ചേരി എന്നിവർ സംസാരിച്ചു. നല്ല ജീവനം സംസ്ഥാന പ്രസിഡണ്ട് ഡോ. പി.എ. രാധകൃഷ്ണൻ യാത്രയുടെ ഉദ്ദേശം വിവരിച്ചു.

എല്ലാവർഷവും ജനുവരി ആദ്യ ഞായറാഴ്ച മുതൽ രണ്ടാം ഞായറാഴ്ച വരെ സൈക്കിൾ യാത്രാ വാരമായി ആഘോഷിച്ചു വരികയാണ്.പത്തൊമ്പതാമത്തെ വർഷമാണ് നല്ലജീവന പ്രസ്ഥാനം അന്തർജില്ലാ സൈക്കിൾ യാത്ര നടത്തുന്നത്. യാത്രകൾക്ക് ആവശ്യമായ ഭക്ഷണവും താമസസൗകര്യവും ഒരുക്കുന്നത് അതത സ്ഥലത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളാണ്.

ജനുവരി 6ന് ഞായറാഴ്ച മലപ്പുറം തിരൂരിൽ നിന്ന് ആരംഭിച്ച നല്ലജീവന പ്രസ്ഥാനത്തിന്റെ സൈക്കിൾ യാത്ര ഗുരുവായൂർ കൊടുങ്ങല്ലൂർ വഴി മൂന്നാം ദിവസം തൃശ്ശൂരിൽ എത്തിച്ചേർന്നു.

മുപ്പത്തിരണ്ട് പേരുള്ള സൈക്കിൾ യാത്രകരിൽ പഴ്ശ്ശിനിക്കടവ് സ്വദേശി 9 വയസ്സുകാരൻ ഗ്യാൻദീപ് മൂന്നാം തവണയും

കോവളം സ്വദേശി 72 വയസ്സുകാരൻ കെ പ്രഭാകരൻ ഏഴാം തവണയും സൈക്കിൾ യാത്രയിൽ പങ്കുചേർന്നു. സ്വീകരണയോഗത്തിൽ വച്ച് സൈക്കിൾ യാത്രാംഗങ്ങളായ കുട്ടികളെ പൊന്നാട അണിയിച്ചു.

ശനിയാഴ്ച രാവിലെ പട്ടാമ്പിയിലേക്ക് യാത്ര തിരിക്കുന്ന സംഘം ഞായറാഴ്ച മലപ്പുറം തിരൂര് തിരിച്ചെത്തും.

യാത്രാസംഘം ഓരോ ദിവസവും ഗ്രാമത്തിലൂടെ 70 കിലോമീറ്ററോളം സഞ്ചരി